**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5116** **20-07-2022 - ൽ മറുപടിയ്ക്ക്**

**മാരിടൈം ബോർഡിന്റെ കാലാവധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പ്രധാന തുറമുഖങ്ങളെ ബന്ധിപ്പിച്ച് ചരക്കുനീക്കം സുഗമമാക്കാൻ ആരംഭിച്ച കേരള തീരദേശ കപ്പൽ സർവ്വീസ് അവസാനിപ്പിക്കുന്നതായി കപ്പൽ കമ്പനി മാരിടൈം ബോർഡ് ചെയർമാനെ അറിയിക്കുകയുണ്ടായോ; | (എ) | സംസ്ഥാനത്തെ പ്രധാന തുറമുഖങ്ങളെ ബന്ധിപ്പിച്ചുള്ള ചരക്കുനീക്കം നടത്തുന്നതിനുള്ള തീരദേശ കപ്പൽ ഗതാഗതം പുനരാരംഭിച്ചു. പ്രസ്തുത കപ്പൽ റിപ്പയർ ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഇപ്പോൾ സർവ്വീസ് നടത്തുന്നില്ല. ഇതിനു പകരം മറ്റൊരു കപ്പൽ സർവ്വീസ് നടത്തുമെന്ന് ടി കമ്പനി അറിയിച്ചിട്ടുണ്ട്. |
| (ബി) | കപ്പൽ സർവ്വീസ് ആരംഭിച്ചത് എന്നാണെന്നും കമ്പനി ബോർഡ് ചെയർമാൻ അയച്ച കത്തിൽ കപ്പൽ സർവ്വീസ് അവസാനിപ്പിക്കുന്നതിനുള്ള കാരണങ്ങളായി പറഞ്ഞിട്ടുള്ളത് എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ പ്രധാന തുറമുഖങ്ങളെ ബന്ധിപ്പിച്ചുള്ള ചരക്കുനീക്കം നടത്തുന്നതിനുള്ള തീരദേശ കപ്പൽ ഗതാഗതം പുനരാരംഭിച്ചു. പ്രസ്തുത കപ്പൽ റിപ്പയർ ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഇപ്പോൾ സർവ്വീസ് നടത്തുന്നില്ല. ഇതിനു പകരം മറ്റൊരു കപ്പൽ സർവ്വീസ് നടത്തുമെന്ന് ടി കമ്പനി അറിയിച്ചിട്ടുണ്ട്. |
| (സി) | ചരക്കുനീക്കത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ തുറമുഖങ്ങളിൽ ഒരുക്കാത്തതും സർക്കാർ പ്രഖ്യാപിച്ചിരുന്ന ഇൻസെന്റീവുകൾ യഥാസമയം നൽകാത്തതും കപ്പൽ സർവീസ് അവസാനിപ്പിക്കുന്നതിനുള്ള കാരണങ്ങളായി കാണിക്കുകയുണ്ടായോ; | (സി) | കപ്പൽ കമ്പനിക്കുള്ള ഇൻസെന്റിവ് സമയ ബന്ധിതമായി അനുവദിച്ചു നൽകിയിട്ടുണ്ട്. കപ്പൽ സർവ്വീസ് നടത്തുന്നതിനാവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും നിർദ്ദിഷ്ട പോർട്ടുകളിൽ ഒരുക്കിയിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്തെ പതിനേഴ് മൈനർ തുറമുഖങ്ങളും തീരദേശ സർവ്വീസുകളും സംബന്ധിച്ച നയപരമായ തീരുമാനങ്ങൾ എടുക്കുകയും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും ചെയ്യേണ്ട മാരിടൈം ബോർഡിന്റെ കാലാവധി അഞ്ച് വർഷത്തിൽ നിന്നും മൂന്ന് വർഷമായി ചുരുക്കുകയുണ്ടായോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; | (ഡി) | 19-01-2022 ലെ ഓർഡിനൻസ് അനുസരിച്ച് കേരള മാരിടൈം ബോർഡിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട ചെയർമാൻ, വൈസ് ചെയർമാൻ, അംഗങ്ങൾ എന്നിവരുടെ കാലാവധി ഭരണപരമായ സൗകര്യത്തിനുവേണ്ടി പരമാവധി 3 വർഷമായി നിജപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) | ബോർഡിന്റെ കാലാവധി ചുരുങ്ങിയതോടെ ബോർഡ് നിലവിലില്ലാത്ത സാഹചര്യമുണ്ടോയെന്നും എങ്കിൽ എന്ന് മുതൽക്കാണ് ബോർഡ് പിരിച്ചുവിടപ്പെട്ടതെന്നും വെളിപ്പെടുത്താമോ? | (ഇ) | കേരള മാരിടൈം ബോർഡ് ആക്ട്, 2017 (2017-ലെ 16-ാം ആക്ട്) ഭേദഗതി ചെയ്തുകൊണ്ട് പുറപ്പെടുവിച്ച 19-01-2021 ലെ ഓർഡിനൻസ് പ്രകാരം |

| | | | |
|---|---|---|---|
| | | | നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ കാലാവധി മാത്രമാണ് 3 വർഷമായി നിജപ്പെടുത്തിയത്. |

സെക്ഷൻ ഓഫീസർ